"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി അധിക തൊഴിലാളികളെ നിയമിച്ചതിന് സാധൂകരണം നൽകിയും കരാർ വ്യവസ്ഥയിൽ 31.03.2024-വരെ ശുചീകരണ തൊഴിലാളികളെ നിയമിക്കാൻ അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.2495/2023/LSGD തീയതി,തിരുവനന്തപുരം, 14-12-2023

---

പരാമർശം:- (1) തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ14.03.2023-ലെ PH4/24096/23 നമ്പർ കത്ത്.

(2) തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ 17.06.2023-ലെ PH4-24096/23-ാം നമ്പർ കത്ത്.

(3) തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023-ലെ LSGD/PD/43475/2023-DPLD4-ാം നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിൽ ആകെ 360 ദിവസവേതന തൊഴിലാളികളും 145 സ്ഥിര ജീവനക്കാരുമാണ് ശുചീകരണ പ്രവർത്തനത്തിനുള്ളതെന്നും തൃശ്ശൂർ ശക്തൻ ഓർഗാനിക് വേസ്റ്റ് കൺവേർട്ടർ പ്ലാന്റിനു സമീപം കൂട്ടിയിട്ടിരിക്കുന്ന മാലിന്യം തരംതിരിച്ചു നീക്കം ചെയ്യുന്നതിന് കോർപ്പറേഷന്റെ 25 തൊഴിലാളികളെ നിയോഗിച്ചിരുന്നതായും കോർപ്പറേഷന്റെ ശുചീകരണ ജോലിക്ക് തടസ്സം നേരിടും എന്നതിനാൽ ശക്തൻ പ്ലാന്റിലേക്ക് 2 മാസത്തേക്ക് 100 തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചതായും രണ്ടു മാസം കൊണ്ട് മുഴുവൻ മാലിന്യങ്ങളും നീക്കം ചെയ്യാൻ കഴിയാത്തതിനാൽ ഈ തൊഴിലാളികളെ 3 മാസത്തേക്ക് കൂടി ജോലിക്ക് നിയോഗിച്ചിട്ടുണ്ടെന്നും ഇതിന് സാധൂകരണം നൽകണമെന്നും കോർപ്പറേഷന് അധികം ശുചീകരണ തൊഴിലാളികളുടെ പോസ്റ്റ് അനുവദിച്ചു നൽകണമെന്നും തൃശ്ശൂർ കോർപ്പറേഷൻ മേയർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

(2) പ്രസ്തുത ആവശ്യം 26.10.2023-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കമ്മിറ്റി പരിഗണിക്കുകയും തീരുമാനം നമ്പർ 4.11 പ്രകാരം ഇതുവരെ നിയമിച്ചതിന് സാധൂകരണം നൽകുകയും കരാർ വ്യവസ്ഥയിൽ 31.03.2024 വരെ ശുചീകരണ തൊഴിലാളികളെ നിയമിക്കാൻ അനുമതി നൽകിയിട്ടുമുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശക്തൻ പ്ലാന്റിലേക്ക് 2 മാസത്തേക്ക് 100 തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചതിനും രണ്ടു മാസം കൊണ്ട് മുഴുവൻ മാലിന്യങ്ങളും നീക്കം ചെയ്യാൻ കഴിയാത്തതിനാൽ ഈ തൊഴിലാളികളെ 3 മാസത്തേക്ക് കൂടി ജോലിക്ക് നിയോഗിച്ചതിന് സാധൂകരണം നൽകികൊണ്ടും കരാർ വ്യവസ്ഥയിൽ 31.03.2024 വരെ ശുചീകരണ തൊഴിലാളികളെ നിയമിക്കാൻ അനുമതി

നൽകികൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
സെക്രട്ടറി, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ.
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ് I) / (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
മാനേജിംഗ് ഡയറക്ടർ, ഐ.കെ.എം.
തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
സെക്ഷൻ ഓഫീസർ
Date: 14-12-2023 15:07:32

പകർപ്പ് :-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്